**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1568** **01/11/2019- ൽ മറുപടിയ്ക്ക്**

**പച്ചത്തേങ്ങ സംഭരണം**

| **ചോദ്യം**<br>**ശ്രീ.സണ്ണി ജോസഫ്** | **ഉത്തരം**<br>**ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
|---|---|
| (എ) പച്ചത്തേങ്ങ സംഭരണം വീണ്ടും ആരംഭിക്കുവാൻ കൃഷി വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പച്ചത്തേങ്ങ സംഭരിക്കുന്നത് എത്ര രൂപ നിരക്കിലാണെന്നും ഏത് ഏജൻസിയെയാണ് ഇതിന് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും അറിയിക്കുമോ; | (ബി) നിലവിൽ പച്ചത്തേങ്ങ വില കിലോയ്ക്ക് 27/- രൂപയാണ്. കേരഫെഡിനെയാണ് സംഭരണത്തിനുള്ള നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്. |
| (സി) ശേഖരിക്കുന്ന പച്ചത്തേങ്ങ സംസ്കരിച്ച് കൊപ്രയാക്കുന്നതിന് ആരെയാണ് നിശ്ചയിച്ചിട്ടുള്ളതെന്നും അവർക്ക് പ്രോസസിംഗ് ചാർജ്ജ് ആയി എന്ത് തുക അനുവദിച്ചുവെന്നും അറിയിക്കുമോ; | (സി) പച്ചത്തേങ്ങ സംസ്കരിച്ച് കൊപ്രയാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ, വിവിധ നാളീകേര ഉത്പാദക സൊസൈറ്റികൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, നാളീകേര വികസന ബോർഡിന് കീഴിലുള്ള സംഘങ്ങൾ എന്നിവർക്ക് സംഭരണ സംസ്കരണ ചെലവ്, ഭരണ മേൽനോട്ടം, കയറ്റിറക്കം എന്നീ ചെലവുകൾക്ക് ക്വിന്റലിന് 910/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി) നിലവിലെ സാഹചര്യത്തിൽ പച്ചത്തേങ്ങ സംഭരണം നാളികേര കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില കിട്ടുന്നതിന് എത്രമാത്രം സഹായകമാണെന്ന് വ്യക്തമാക്കുമോ? | (ഡി) നാളീകേര സംഭരണ പ്രക്രിയ ഒരു സ്ഥിരം സംവിധാനമായി നിലനിർത്തിക്കൊണ്ട് തേങ്ങയുടെ വിപണി വിലയിൽ കുറയുന്ന സാഹചര്യത്തിൽ നാളീകേര കർഷകന് ടി പദ്ധതി സഹായകരമാണ്. |

Sreelatha

**സെക്ഷൻ ഓഫീസർ**